നുള്ള വല്ല നടപടിയും ഗവൺമെൻറിന്റെ ഭാഗത്ത് നിന്ന് സ്വീകരിക്കാമോ?

ശ്രീ. കെ. കരുണാകരൻ: അങ്ങനെ ആലോചനയില്ല.

ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: റാങ്ക് ലിസ്റ്റ് പൂർത്തിയാകുന്നതിനു മുമ്പ് രണ്ടാമത്തെ ലിസ്റ്റിനു വേണ്ടി പരീക്ഷ നടത്തുന്നു. ഇവിടെ പറഞ്ഞുകേട്ട സ്ഥിതി അനുസരിച്ചു തന്നെ ഈയിടെ പുതിയ പോസ്റ്റ് ഉണ്ടാക്കാൻ പാടില്ലായെന്ന് ഗവൺമെൻറ് നിർദ്ദേശിച്ചിരിക്കുന്നു. ഉള്ള പോസ്റ്റിൽ ഒഴിവു വരുന്നതിൽ പോലും നിയമനം നടത്തുന്നില്ല. റാങ്ക് ലിസ്റ്റ് ഉള്ള സ്ഥലത്തു തന്നെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി ആളുകളെ ജോലി ചെയ്തുവരുന്നു. ഇത്തരം പല കാരണങ്ങളാൽ റാങ്ക് ലിസ്റ്റിൽ നിന്ന് ആളുകളെ നിയമിക്കാൻ അസൗകര്യം വന്ന പശ്ചാത്തലത്തിൽ, തൊഴിലില്ലായ്മ രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ വീണ്ടും പരീക്ഷ എഴുതാനുള്ള ബുദ്ധിമുട്ട് പരിഗണിച്ച് ഒരിക്കൽ റാങ്ക് ലിസ്റ്റ് ഉണ്ടാക്കിയാൽ ആ ലിസ്റ്റ് തീരുന്ന മുറയ്ക്ക് മാത്രം അടുത്ത ലിസ്റ്റ് ഉണ്ടാക്കുവാൻ ഒരു തീരുമാനം എടുക്കാൻ കഴിയുമോ?

ശ്രീ. കെ. കരുണാകരൻ: അത് പ്രയാസമാണ്. കാരണം, ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ അവരുടെ മെറിറ്റ് അനുസരിച്ചാണ് തയ്യാറാക്കുന്നത്. അവരെക്കാൾ കൂടുതൽ മെറിറ്റുള്ള ആളുകൾക്ക് അവസരം നിഷേധിക്കാൻ പാടില്ല എന്നുള്ളതുകൊണ്ട് റാങ്ക് ലിസ്റ്റ് അനിശ്ചിത കാലത്തേയ്ക്ക് തുടരാൻ സാദ്ധ്യമല്ല.

ശ്രീ. സ്റ്റീഫൻ പാദുവ: കെ.എസ്.ഇ.ബി. യിലേക്ക് പി.എസ്.സി. യിൽ നിന്ന് ഏതാനും അസിസ്റ്റൻറ് എഞ്ചിനീയർമാരെ തെരഞ്ഞെടുത്ത് റാങ്ക് ലിസ്റ്റ് തയ്യാറാക്കി കഴിഞ്ഞിട്ട് മാസങ്ങൾ കഴിഞ്ഞു. എന്തുകൊണ്ടാണ് അവരിൽ നിന്നും ഒരാളെയെങ്കിലും നിയമിക്കാത്തതെന്ന് സദയം പറയാമോ?

ശ്രീ. കെ. കരുണാകരൻ: അതിനെക്കുറിച്ച് അന്വേഷിക്കാം

(ii) രോഗമൂലം നൽകുന്ന ഉത്തരവ്

പകർച്ചവ്യാധിമൂലം മരണമടഞ്ഞവർ

* 190 [236] ശ്രീ. കെ.റ്റി. കുമാരൻ:
,, എം.കെ. കേശവൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, വി.കെ. രാജൻ:

ഡോക്ടർ എം. സുബ്ബറാവു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അതിവർഷവും, വെള്ളപ്പൊക്കവും ഉണ്ടായ സന്ദർഭത്തിൽ സംസ്ഥാനത്ത് എവിടെയെങ്കിലും പകർച്ചവ്യാധി മൂലം മരണം സംഭവിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം; എത്രപേർ മരിച്ചു?

(സി) മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്ക് എന്തു സഹായമാണ് സർക്കാർ നൽകിയത്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഉണ്ട്.

(ബി) 28 പേർ മരിച്ചു. ജില്ല തിരിച്ചുള്ള കണക്ക് ഇപ്രകാരമാണ്.

	ജില്ല	മരണപ്പെട്ടവരുടെ എണ്ണം
1.	തിരുവനന്തപുരം	7
2.	ആലപ്പുഴ	1
3.	എറണാകുളം	2
4.	പാലക്കാട്	2
5.	മലപ്പുറം	1
6.	കോഴിക്കോട്	4
7.	വയനാട്	4
8.	കണ്ണൂർ	6
9.	കാസർകോട്	1
	ആകെ	28

(സി) പ്രകൃതിക്ഷോഭം മൂലം മരണമടഞ്ഞ പ്രായപൂർത്തിയായവരുടെ കുടുംബാംഗങ്ങൾക്ക് 5,000 രൂപയും പ്രായപൂർത്തിയാകാത്തവരുടെ കുടുംബാംഗങ്ങൾക്ക് 2,000 രൂപയും നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. പകർച്ചവ്യാധി വളരെ വ്യാപകമാണെങ്കിൽ മാത്രമേ ഇത് ഒരു അത്യാഹിതമോ ദുരന്തമോ ആകുകയുള്ളൂ. കൂടാതെ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന്, ദുരിതം അനുഭവിക്കുന്നവർക്ക്, മറ്റു പദ്ധതികളിൽനിന്നും സാമ്പത്തിക സഹായത്തിനർഹതയില്ലെങ്കിൽ ധനസഹായം, നൽകാനും വ്യവസ്ഥയുണ്ട്.

കഴിഞ്ഞ അതിവർഷവും വെള്ളപ്പൊക്കവും മൂലമുണ്ടായ പകർച്ചവ്യാധി വ്യാപകമല്ലായിരുന്നു.

പാർട്ടൈം കണ്ടിജൻസി ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം

* 191 [237] ശ്രീ. എസ്.ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ഡിപ്പാർട്ടുമെൻറുകളിൽ ജോലി ചെയ്യുന്ന പാർട്ടൈം കണ്ടിജൻസി ജീവനക്കാർക്ക് കുമാരപിള്ള കമ്മീഷൻ ശമ്പള പരിഷ്ക്കരണം ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ അത് ഗവൺമെൻറ് സ്വീകരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly